# നാമകരണ ഡിക്രി

(ചാവറ കര്യാക്കോസ് ഏലിയായെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചുകൊണ്ട് പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ പുറപ്പെടുവിച്ച ഔദ്യോഗിക ഡിക്രിയുടെ പൂർണ്ണരൂപം)

# ജോൺ പോൾ രണ്ടാമൻ നിത്യസ്മരണയ്ക്ക്



''എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും; അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ പക്കൽ വന്ന് അവനോടുകൂടി വസിക്കുകയും ചെയ്യും'' (യോഹ. 14:23)

കർത്താവിന്റെ ഈ വചനങ്ങൾ പ്രസാദവരമുള്ള ഏതു ക്രിസ്തുശിഷ്യനിലും സാർത്ഥകമാണെങ്കിൽ, വന്ദ്യനായ ചാവറ കര്യാക്കോസ് ഏലിയാസച്ചനിൽ ഈ ദൈവികസാന്നിദ്ധ്യം ബാഹ്യലോകത്തിന് ദൃശ്യമാകത്തക്ക രീതിയിൽ വളരെ പ്രകടമായിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ ഒരു ദൈവിക മനുഷ്യനായി അഥവാ പരിശുദ്ധാത്മാവിനാൽ നിറഞ്ഞവനായി മനുഷ്യർ കാണുകയും അപ്രകാരം പരസ്യമായി അംഗീകരിക്കുകയും ചെയ്തിരുന്നു.

ഇന്നത്തെ ചങ്ങനാശ്ശേരി അതിരൂപതയിൽപെട്ട കൈനകരിയിൽ 1805 ഫെബ്രുവരി 10-ാം തീയതി അദ്ദേഹം ഭൂജാതനായി. സ്വന്തമിടവകയായ ചേന്നങ്കരിപ്പള്ളിയിൽ, സാധാരണ നടപ്പനുസരിച്ച് എട്ടാം ദിവസം മാമ്മോദീസാ നൽകുകയും കര്യാക്കോസ് എന്ന പേരിടുകയും ചെയ്തു. പ്രാഥമിക വിദ്യാഭ്യാസം ജന്മസ്ഥലത്ത് നടത്തിയതിനു ശേഷം 1818-ൽ, പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെ നിയന്ത്രണത്തിലുള്ള പള്ളിപ്പുറം സെമിനാരിയിൽ പ്രവേശിച്ചു. സെമിനാരി പഠനം പൂർത്തിയാക്കി, 1829 നവംബർ 29-ാം തീയതി വൈദികപട്ടം സ്വീകരിച്ചു. പാലയ്ക്കൽ തോമ്മാച്ചനോടും പോരൂക്കര തോമ്മാച്ചനോടും സഹകരിച്ച് പുരുഷന്മാർക്കു വേണ്ടിയുള്ള സന്ന്യാസ സഭയ്ക്ക് 1831 മെയ് 11-ാം തീയതി അടിസ്ഥാനമിട്ടു. വികാരി അപ്പസ്തോലിക്കായുടെ അംഗീകാര

ത്തോടുകൂടി 1855 ഡിസംബർ 8-ാം തീയതി സന്ന്യാസവ്രതങ്ങൾ ദൈവത്തിന് സമർപ്പിക്കുകയും തിരുക്കുടുംബത്തിന്റെ കുര്യാക്കോസ് ഏലിയാസ് എന്ന നാമം സ്വീകരിക്കുകയും ചെയ്തു. പുതുതായി രൂപംകൊണ്ട സഭയുടെ ശ്രേഷ്ഠനായി നിയമിതനായ അദ്ദേഹം ആജീവനാന്തം ആ ജോലി നിർവ്വഹിച്ചു. പ്രാദേശിക സഭയെ ക്രിസ്തുവിന്റെ പൂർണ്ണതയിലേയ്ക്ക് വളർത്തുന്നതിനുവേണ്ടി തന്റെ സന്ന്യാസ–വൈദിക ജീവിതം മുഴുവനായി അദ്ദേഹം ഉഴിഞ്ഞുവെച്ചു വൈദിക പരിശീലനത്തിനായി സെമിനാരികൾ സ്ഥാപിച്ചു; വികാരിയാത്തിലെ ആദ്ധ്യാത്മിക നവീകരണത്തിനായി അൽമായർക്കും വൈദികർക്കും വേണ്ടി ഇടവകകൾതോറും വാർഷിക ധ്യാനം നടപ്പാക്കി; സാർവ്വത്രിക സഭൈക്യത്തിൽ നിന്ന് മലബാർ സഭയെ വേർപെടുത്തുന്ന ഭീഷണിയായി ഉയർന്ന റോക്കോസ് ശീശ്മക്കെതിരെ അന്ന് സീറോ മലബാർ സഭയുടെ വികാരി ജനറാളായി നിയമിതനായ അദ്ദേഹം സർവ്വകഴിവുകളും ഉപയോഗിച്ചു പോരാടി, മലബാർ സഭയെ ശീശ്മയിൽ നിന്നു രക്ഷിച്ചു.

— യുവജനങ്ങളുടെ വിദ്യാഭ്യാസത്തിനായി ഇടവകകൾ തോറും വിദ്യാലയങ്ങൾ സ്ഥാപിച്ചു;

— പുതുതായി ക്രൈസ്തവ വിശ്വാസം സ്വീകരിച്ചവരുടെ മതപഠനത്തിനായി വേദപാഠശാലകൾ തുറന്നു;

— അനാഥർക്കും മരണാസന്നർക്കും വേണ്ടി അഭയകേന്ദ്രങ്ങൾ സജ്ജീകരിച്ചു;

— സീറോ മലബാർ സഭയുടെ തിരുക്കർമ്മപ്പുസ്തകങ്ങൾ നവീകരിച്ചുകൊണ്ട് ആരാധനാ ജീവിതത്തിന് കൂടുതൽ ഭക്തിയും സജീവത്വവും പകർന്നു;

— അച്ചടിശാല സ്ഥാപിച്ചുകൊണ്ട് മതപരവും ആദ്ധ്യാത്മികവുമായ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു;

— ഇവയെല്ലാററിനും പുറമേ പുണ്യപുരുഷനായ കർമ്മലീത്താമിഷനറി, ലെയോപ്പോൾഡ് ബെക്കാറോയുടെ സഹകരണത്തോടുകൂടി പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ മുൻനിർത്തിക്കൊണ്ട് സ്ത്രീകൾക്കു വേണ്ടിയുള്ള ഒരു സന്ന്യാസസഭയും 1866-ൽ അദ്ദേഹം സ്ഥാപിച്ചു.

1870 അവസാനത്തോടുകൂടി രോഗബാധിതനായ അദ്ദേഹം രോഗത്തിന്റെ വേദനകളും അസ്വാസ്ഥ്യങ്ങളും മാതൃകാപരമായ ക്ഷമയോടും അതിലേറെ ക്രിസ്തീയ സന്തോഷത്തോടും കൂടി സഹിച്ച് 1871 ജനുവരി 3-ാം തീയതി കൂനമ്മാവ് ആശ്രമത്തിൽ വച്ച് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. കൂനമ്മാവ് ആശ്രമത്തോടനുബന്ധിച്ചുള്ള വി. ഫിലോമിനായുടെ ദേവാലയത്തിൽ മദ്ബഹായുടെ സമീപം അടുത്ത ദിവസം അദ്ദേഹത്തെ സംസ്കരിച്ചു. 1889-ൽ പൂജ്യാവശിഷ്ടങ്ങൾ അവിടെ നിന്ന് മാററി മാന്നാനം ആശ്രമത്തോടനുബന്ധിച്ചുള്ള വി. യൗസേപ്പിന്റെ ദേവാലയത്തിൽ സ്ഥാപിച്ചു.



പ്രവർത്തനബഹുലമായ അദ്ദേഹത്തിന്റെ ജീവിതത്തിലേയ്ക്ക് കണ്ണോടിക്കുന്ന ഏവർക്കും ബോദ്ധ്യമാകും : തീവ്രമായി താൻ സഭയെ സ്നേഹിച്ചിരുന്നുവെന്ന്; നാനാ തരത്തിലുള്ള അപ്പസ്തോലിക പ്രവർത്തനങ്ങൾക്കിടയിലും പ്രാർത്ഥനയും ധ്യാനവും വഴി ദൈവൈക്യം പൂർണ്ണമായി പാലിച്ചിരുന്നുവെന്ന്; ദൈവത്തേയും അത്ഭുതകരമായ തന്റെ പരിപാലനയേയും വിശ്വാസ നേത്രങ്ങൾ കൊണ്ട് ദർശിച്ച് അദ്ദേഹം ജീവിച്ചിരുന്നുവെന്ന്; സ്വർഗ്ഗത്തിൽ നിത്യമായി ദൈവൈക്യത്തിൽ എത്തിച്ചേരുന്നതിന് തീവ്രമായി ആഗ്രഹിച്ച് ദൈവത്തിൽ പൂർണ്ണമായും പ്രത്യാശ സമർപ്പിച്ചുകൊണ്ട് നീങ്ങിയിരുന്നുവെന്ന്.

ജീവിതകാലത്തു തന്നെ അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ഈ പുണ്യകീർത്തി മരണശേഷം വിശ്വാസികളുടെ ഇടയിൽ കൂടുതൽ വ്യാപിച്ചു. അവരുടെ ആവശ്യങ്ങളിൽ അവരദ്ദേഹത്തിന്റെ മാദ്ധ്യസ്ഥത തേടുകയും അത്ഭുതകരമായി തന്റെ മാദ്ധ്യസ്ഥ സഹായം അവർക്ക് ലഭിക്കയും ചെയ്തു. ഇങ്ങനെ തന്റെ പരലോകപ്രാപ്തി സംഭവിച്ചിട്ട് ഏതാണ്ട് തൊണ്ണൂറു വർഷങ്ങൾക്കുശേഷം റീത്തുകളുടെ തിരുസംഘത്തിന്റെ അംഗീകാരത്തോടുകൂടി ചങ്ങനാശ്ശേരി അതിരൂപതാക്കച്ചേരിയിൽ, 1958-ൽ നാമകരണനടപടികൾ ആരംഭിച്ചു. നാമകരണ നടപടികൾ പൂർത്തിയാക്കി, 1970-ൽ സർവ്വരേഖകളും നാമകരണത്തിനുവേണ്ടിയുള്ള തിരുസംഘത്തിലേയ്ക്ക് അയച്ചുകൊടുത്തു, 1973- ഒക്ടോബർ 13-ാം തീയതി ദൈവദാസന്റെ കൃതികളെ സംബന്ധിക്കുന്ന ഡിക്രി തിരുസംഘം പുറപ്പെടുവിച്ചു. പൂർണ്ണമായ പഠനത്തിനും ഗവേഷണത്തിനും ശേഷം 1980 മാർച്ച് 15-ാം തീയതി നമ്മുടെ അംഗീകാരത്തോടുകൂടി ദൈവദാസന്റെ നാമകരണനടപടികൾ തിരുസംഘം ഔദ്യോഗികമായി റോമൻ കൂരിയായിൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് ദൈവദാസന്റെ സുകൃതങ്ങളെക്കുറിച്ച് തിരുസംഘം പഠിച്ചു. വിശ്വാസം, ശരണം, ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹം എന്നീ ദൈവികപുണ്യങ്ങളും, വിവേകം, നീതി, അടക്കം, ആത്മധൈര്യം എന്നീ തലപ്പെട്ട പുണ്യങ്ങളും അവയോട് ബന്ധപ്പെട്ട മററു പുണ്യങ്ങളും വീരോചിതമായി അദ്ദേഹം അഭ്യസിച്ചിരുന്നുവെന്നു തിരുസ്സംഘത്തിന് ബോദ്ധ്യമാവുകയും ഇക്കാര്യം നാം പ്രഖ്യാപിക്കുകയും ചെയ്തു.

ജോസഫ് പെണ്ണാപറമ്പിൽ എന്ന ആറു വയസ്സുകാരൻ കുട്ടിക്ക് ലഭിച്ച അത്ഭുത രോഗശാന്തി—ജന്മനാ മടങ്ങിയിരുന്ന ഇരു പാദങ്ങളും ദൈവദാസന്റെ മാദ്ധ്യസ്ഥതയാൽ അത്ഭുതകരമായി നിവന്നു എന്നതു്—പൂർണ്ണമായ പഠനത്തിനു ശേഷം ബോദ്ധ്യമായതോടെ 1985 മെയ് 9-ാം തീയതി നാം അതു പ്രഖ്യാപിച്ചു. അങ്ങനെ വന്ദ്യനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനേയും വന്ദ്യയായ അൽഫോൻസാ മുട്ടത്തുപാടത്തേയും നമ്മുടെ ഭാരത സന്ദർശനാവസരത്തിൽ 1986 ഫെബ്രുവരി 8-ാം തീയതി വാഴ്ത്തപ്പെട്ടവരായി ഉയർത്തണമെന്നു് നാം തീരുമാനിച്ചു. അനേകം വൈദിക മേലദ്ധ്യക്ഷന്മാരുടേയും വൈദികരുടേയും വിവിധ സഭകളിൽ പെട്ട സന്ന്യാസിനീസന്ന്യാസികളുടേയും ലക്ഷക്കണക്കിനു് വിശ്വാസികളുടേയും സാന്നിദ്ധ്യത്തിൽ കോട്ടയത്തു് പ്രത്യേകം സജ്ജീകരിച്ചൊരുക്കിയ തുറന്ന മൈതാനത്തിൽ വച്ചു് നടത്തിയ തിരുകർമ്മങ്ങളുടെയിടയിൽ നാം പ്രഖ്യാപിച്ചു :

> നമ്മുടെ സഹോദരന്മാർ ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ പവ്വത്തിൽ മാർ ജോസഫ്, പാലാ രൂപതയുടെ മെത്രാൻ പള്ളിക്കാപ്പറമ്പിൽ മാർ ജോസഫ്, മററു പല സഹോദര മെത്രാന്മാർ, അനേകം വിശ്വാസികൾ എന്നിവർ പ്രകടിപ്പിച്ചിട്ടുള്ള ആഗ്രഹമനുസരിച്ചും, വിശുദ്ധരുടെ നാമകരണത്തിനുള്ള റീത്തുകളുടെ തിരുസംഘത്തിന്റെ അഭിപ്രായം അംഗീകരിച്ചും ധന്യരായ ചാവറ കുര്യാക്കോസ് ഏലിയാസിനേയും മുട്ടത്തു പാടത്തു് സിസ്റ്റർ അൽഫോൻസായേയും ഈ നിമിഷം മുതൽ വാഴ്ത്തപ്പെട്ടവർ എന്നു് വിളിക്കാമെന്നും അവരുടെ തിരുനാളുകൾ, അവരുടെ സ്വർഗ്ഗീയ ജന്മനാളുകളിൽ, ചാവറ കുര്യാക്കോസ് ഏലിയാസിന്റേതു ജനുവരി മൂന്നാം തീയതിയും, സിസ്റ്റർ അൽഫോൻസായുടേതു് ജൂലൈ ഇരുപത്തെട്ടാം തീയതിയും പ്രതിവർഷം നിയമാനുസൃതമായും അതതു സ്ഥലങ്ങളിലും സമാഘോഷിക്കാമെന്നും നമ്മുടെ അപ്പസ്തോലികാധികാരം ഉപയോഗിച്ചു് നാം പ്രഖ്യാപിക്കുന്നു.

> പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ.

> നാം ഈ ഡിക്രി വഴി പ്രസിദ്ധീകരിക്കുന്നതു് ഇപ്പോഴും എന്നേക്കും പ്രാബല്യത്തിലിരിക്കട്ടെ. ഇതിനെതിരായി വരുന്നവയ്ക്കൊന്നും പ്രാബല്യമുണ്ടാകില്ല. നമ്മുടെ ഭരണത്തിന്റെ എട്ടാം വഷം 1986 ഫെബ്രുവരി 8-ാം തീയതി കോട്ടയത്തുനിന്നു് നൽകുന്നതു്.

വിവത്തനം : **ഫാ. ഐസക്ക് അരിക്കാപ്പള്ളി**